## കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണവകുപ്പ് - ജീവനക്കാര്യം - സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ സേവനമനുഷ്ഠിക്കുന്ന പാലിയേറ്റീവ് കെയർ നഴ്സുമാർക്ക് ഹോണറേറിയം വർദ്ധിപ്പിച്ചും പ്രസവാവധി അനുവദിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(ആർ.റ്റി)നം.526/2015/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം,21/02/2015

---

പരാമർശം:- 1) 07/07/2014 ലെ 32104/ഇപിഎ 2/14/തസ്വഭവ നമ്പർ സർക്കുലർ .
2) പഞ്ചായത്ത് ഡയറക്ടറുടെ 30/05/2014, 13/08/2014 തീയതികളിലെ ജെ 6- 44979/14 നമ്പർ കത്തുകൾ.

## <u>ഉത്തരവ്</u>

സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളുടെകീഴിൽ സേവനമനുഷ്ഠിച്ചുവരുന്ന പാലിയേറ്റീവ് കെയർ നഴ്സുമാരുടെ സേവനവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു .

1. പാലിയേറ്റീവ് കെയർ നഴ്സുമാരുടെ ഹോണറേറിയം നിലവിലുള്ള 6000/- രൂപയിൽ നിന്നും 01/06/2014 മുതൽ പ്രാബല്യത്തിൽ 10,000/- രൂപയായി വർദ്ധിപ്പിച്ച് നൽകാൻ പഞ്ചായത്തുകൾക്ക് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു. വർദ്ധിപ്പിച്ച 4000/- രൂപ അതാത് പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ടിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ ചെലവഴിക്കാവുന്നതാണ്. പാലിയേറ്റീവ് കെയറിന് വേണ്ടി പദ്ധതി തയ്യാറാക്കി അംഗീകരിച്ച് വേണം ഇക്കാര്യത്തിനു വേണ്ടി ഫണ്ട് ചെലവിടുവാൻ.
2. പാലിയേറ്റീവ് കെയർ നഴ്സുമാർക്ക് 3 മാസത്തെ പ്രസവാവധി അനുവദിക്കാവുന്നതാണ്.
3. പാലിയേറ്റീവ് കെയർ നഴ്സുമാരെ മതിയായ കാരണങ്ങൾ ഇല്ലാതെ ഒഴിവാക്കാൻ പാടില്ല. അത്തരം നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ പുന പരിശോധിക്കേണ്ടതാണ്.

4. പാലിയേറ്റീവ് കെയർ നഴ്സുമാർ ബഹുഭൂരിപക്ഷവും യോഗ്യതയുള്ളവരല്ലെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭാവിയിൽ നഴ്സിംഗ് യോഗ്യതയുള്ളവരും പാലിയേറ്റീവ് മേഖലയിൽ വൈദഗ്ധ്യമുള്ളവരും കഴിയുന്നതും അതാത് പഞ്ചായത്തിൽ നിന്നുള്ളവരുമായവരെ നിയമിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ജെയിംസ് വർഗ്ഗീസ്**
**ഗവ. പ്രിൻസിപ്പൽ സെക്രട്ടറി.**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
അക്കൗണ്ടന്റ് ജനറൽ, എൽബിഎ&എ, കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
സംസ്ഥാന പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തദ്ദേശസ്വയംഭരണവകുപ്പ്
എല്ലാ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർ (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്(16/01/15 ലെ 110320/ബഡ്ജ 1/14/ധന പ്രകാരം)
പൊതുഭരണ(എസ്.സി)വകുപ്പ്
എക്സി.ഡയറക്ടർ, ഐ.കെ.എം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ